# 'ദൈവത്തിന്റെ പരമവിളി ലഭിച്ചവർ'

## ഫിലിപ്പിയർ 3:13-14

'സഹോദരന്മാരെ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.'

ഓരോ ദൈവപൈതലും ദൈവത്തിന്റെ പരമവിളി ലഭിച്ചവരാണെന്നും അവർ ആയിരിക്കുന്നത് ആത്മീക ഓട്ടക്കളത്തിലേക്കാണെന്നും ഈ കുറിവാക്യം നമ്മെ പഠിപ്പിക്കുന്നു. ഒരു ഓട്ടക്കളത്തിൽ അനേകർ ഓടുന്നുണ്ട് എന്ന് നമുക്കറിയാം. എന്നാൽ അതിൽ ഒരാൾക്ക് മാത്രമേ വിരുത് പ്രാപിക്കുവാൻ കഴിയുകയുള്ളു. ഇപ്രകാരം തന്നെ ആത്മീകമായ ഓട്ടക്കളത്തിലും നമ്മോടുകൂടെ അനവധി ദൈവമക്കൾ യാത്ര ചെയ്യുന്നുണ്ട്.

ആത്മീക ജീവിതമാകുന്ന ഓട്ടത്തിനിടയിൽ പല വീഴ്ചകളും പരാജയങ്ങളും ഒക്കെ ഉണ്ടായെന്ന് വന്നേക്കാം. എന്നാൽ അവിടെയൊന്നും പതറിപ്പോകാതെ വീണ്ടും കർത്താവിൽ ശരണപ്പെട്ടുകൊണ്ട് നമുക്ക് യാത്ര തുടരാം. ഒരു കുഞ്ഞ് നടക്കുവാൻ ശ്രമിച്ചു തുടങ്ങുമ്പോൾ പലപ്രാവശ്യം വീണിട്ടാണല്ലോ നടക്കുവാൻ പഠിക്കുന്നത്. എന്നതുപോലെ തന്നെ ഓരോ വിഴ്ചയും അടുത്ത ഒരു മുന്നേറ്റത്തിനായിട്ടാണ് എന്ന് ഉറച്ചുകൊണ്ട് വിജയകരമായി നമ്മുടെ ആത്മീക ജീവിതത്തെ നയിക്കുവാൻ സാധിക്കണം.

ഓട്ടക്കളത്തിൽ ഓടുന്നവർ തങ്ങളെത്തന്നെ ശാരീരികമായും മാനസികമായും ഒരുക്കുന്നത് നമ്മൾ കണ്ടിട്ടുണ്ടല്ലോ. അപ്രകാരം തന്നെ നാമും ആത്മീകമായ ഓട്ടക്കളത്തിൽ നമ്മുടെ ശരീരാത്മദേഹി ഒരുക്കേണ്ടതായിട്ടുണ്ട്. അതിനായി ഒരു വിശ്വാസിയുടെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് നമുക്ക് ഒരുങ്ങാം. എന്നാൽ ഒന്നു നാം മറന്നുപോകരുത്, നമ്മുടെ പ്രതിയോഗി ഏതുസമയത്തും നമ്മെ വീഴ്ത്തിക്കളയുവാൻ തക്കംപാർത്ത് നടക്കുന്നുണ്ട്. അവന് ഇടം കൊടുക്കാതെ ലക്ഷ്യസ്ഥാനത്തെത്തുവാൻ നമുക്ക് ജൈത്രയാത്ര തുടരാം.

ഇന്നത്തെ കുറിവാക്യത്തിൽ പറഞ്ഞതുപോലെ കഴിഞ്ഞകാലങ്ങളിൽ വന്നുപോയിട്ടുള്ള എല്ലാ വീഴ്ചകളും പരാജയങ്ങളുമെല്ലാം നമുക്ക് മറക്കാം. നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമുക്കുവേണ്ടി ഒരുക്കിവെച്ചിട്ടുള്ള ജീവകിരീടം പ്രാപിക്കുവാൻ തക്കവണ്ണം ലാക്കിലേക്ക് ഓടാം. 'വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ കർത്താവിനെ മാത്രം നോക്കി യാത്ര തുടരാം'. അതിനായി ദൈവമായ കർത്താവ് നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

എബ്രായർ 12:1

'ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ട് സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക'.

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 032